**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577** **10-10-2024 - ൽ മറുപടിയ്ക്ക്**

**മടിയൻ കൂലോം ക്ഷേത്രത്തിലെ ദാരു ശില്പങ്ങളുടെയും കൊത്തുപണികളുടെയും സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ മടിയൻ കൂലോം ക്ഷേത്രത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള ദാരു ശില്പങ്ങളും കൊത്തുപണികളും സംരക്ഷണമില്ലാതെ നാശത്തിന്റെ വക്കിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; കരട് വിജ്ഞാപനം പുരാവസ്തുവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, മടിയൻകൂലോം ക്ഷേത്രത്തിന്റെ സ്കെച്ച് ലഭ്യമായിട്ടില്ല. സ്കെച്ച് ലഭ്യമാക്കി കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ അജാനൂർ വില്ലേജിലെ മടിയൻകൂലോം ക്ഷേത്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലേക്കായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ